**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**07.02.2013 ൽ മറുപടിയ്ക്ക്**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: * 85**

## സീപ്ലെയിൻ സർവ്വീസ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.റ്റി. ജോർജ്<br>„ പി.എ.മാധവൻ<br>" സണ്ണി ജോസഫ്<br>" എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സീപ്ലെയിൻ സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുക വഴി ഈ കേന്ദ്രങ്ങളിലേക്കുള്ള യാത്രാ സമയം കുറയ്ക്കുകയും കേരളത്തിന്റെ വിനോദ സഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് സീപ്ലെയിൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സീപ്ലെയിൻ പദ്ധതി നിർവ്വഹണം ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ടൂറിസം വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ സർക്കാർ നിയമിച്ചിട്ടുണ്ട്. പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ സാധ്യതാപഠനത്തിനും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ പവൻ ഹൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി. മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, |

പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ കേന്ദ്രങ്ങളിൽ സാധ്യതാപഠനം നടത്തുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ എമ്പാനൽഡ് ഏജൻസി ആയ കിറ്റ്കോ വഴി നടപ്പിലാക്കി വരുന്നു. ഇതിനായുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. 2013 മാർച്ച് മാസത്തോടുകൂടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുക വഴി ഈ കേന്ദ്രങ്ങളിലേക്കുള്ള വിനോദ സഞ്ചാരികളുടെ സന്ദർശനം കൂടുതൽ സുഗമമാക്കുക, ഇവിടുത്തെ വിനോദ സഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക മുതലായ ലക്ഷ്യങ്ങളോടെയാണ് സീപ്ലെയിൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ഏതെല്ലാം വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചാണ് സർവ്വീസ് നടത്താനുദ്ദേശിക്കുന്നത്;

(സി) കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ വിമാനത്താവളങ്ങളും വിവിധ ടൂറിസം കേന്ദ്രങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് സീപ്ലെയിൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ? | (ഡി) | കേരളത്തിൽ സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായി 25 കേന്ദ്രങ്ങളാണ് പരിഗണനയിലുള്ളത്. ഇതിൽ പ്രാഥമിക ഘട്ടത്തിൽ മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ